روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# തൗബയുടെ മാസം

23/04/2021

sufaraulislam.com

بسم الله الرحمن الرحيم

- അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് മാത്രം പരിശുദ്ധ റമളാനിലെ പുണ്യമേറിയ രാപ്പകലുകൾ ഒട്ടേറെ നന്മകൾ ചെയ്തുകൊണ്ട് ധന്യമാക്കിക്കൊണ്ടിരിക്കുകയാണ് നാം.
- പകലിൽ വികാരവിചാരങ്ങൾ നിയന്ത്രിച്ച്, ഭക്ഷണ പാനീയങ്ങളുപേക്ഷിച്ച്, രാത്രി യിൽ ദീർഘനേരം തറാവീഹ് നമസ്കരിച്ച്, വിശുദ്ധ ഖുർആൻ പാരായണം വർധിപ്പിച്ച്, ദിക്റുകളിലും ദുആഉകളിലും മുഴുകി, ദാനധർമങ്ങളിൽ കൂടുതൽ താൽപര്യം കാണിച്ച് അല്ലാഹുവിലേക്ക് അടുക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ് നമ്മൾ.
- എറ്റവും സന്തോഷകരമായ ഒരു ദിവസത്തിലാണ് നമ്മൾ.
- ഇബ്നു മസ്ഊദ് (റ) പറയുന്നു:

إن سيد الأيام يوم الجمعة وسيد الشهور رمضان

ദിവസങ്ങളുടെ നേതാവ് ജുമുഅ ദിവസവുംമാസങ്ങളുടെ നേതാവ് റമദാനുമാണ്

- ജീവിതത്തിലെ അമൂല്യ നിധിയാണ് സമയം അത് പരിശുദ്ധ റമളാനിൽ ആവുമ്പോൾ കൂടുതൽ വിലപ്പെട്ടതാണ്
- **ഹസനുൽ ബസ്വരി (റ)**

"قال الحسنُ البصريُّ -رحمه الله-: أدركتُ أقوامًا كانوا على أوقاتهم أشدَّ منكم حرصًا على دراهِمِكم ودنانيرِكم

ഞാൻ ഒരു വിഭാഗം ആളുകളെ (സ്വഹാബികൾ ) കണ്ടിട്ടുണ്ട് നിങ്ങൾക്ക് ദീനാറിനോടും ദിർഹമിനോടുമുള്ളതിനെക്കാളും താല്പര്യം അവർക്ക് അവരുടെ സമയത്തിന്റെ കാര്യ ത്തിലായിരുന്നു

- കഴിഞ്ഞ ദിവസങ്ങളിലെ ഓരോ സമയത്തെയും നന്മകൾക്കുള്ള അവസരങ്ങളെയും എങ്ങനെ ഉപയോഗപ്പെടുത്തി എന്നതാണ് നമ്മൾ ആദ്യം ചിന്തിക്കേണ്ടത്
- ഈ റമളാൻകൊണ്ട് നമ്മൾ നേടിയെടുക്കേണ്ട ഏറ്റവും വലിയ കാര്യം പാപമോചനം തന്നെയാണ്
- ഒരു റമളാൻ കിട്ടിയിട്ട് പാപങ്ങൾ പൊറുക്കപ്പെടാത്തവന് ശാപം ഉണ്ട് എന്നാണല്ലോ പ്രവാചകൻ പഠിപ്പിച്ചത്
- മനുഷ്യ മനസ് തിന്മയിലേക്ക് ചാഞ്ഞ് പോവുന്നതാണ്.

(وَمَا أُبَرِّئُ نَفْسِي ۚ إِنَّ النَّفْسَ لَأَمَّارَةٌ بِالسُّوءِ إِلَّا مَا رَحِمَ رَبِّي ۚ إِنَّ رَبِّي غَفُورٌ رَحِيمٌ) (يوسف:٥٣)

- **ജീവിതത്തിൽ തിന്മകൾ സംഭവിച്ചാൽ ഹൃദയം മലിനമാവും.**

عن أبي هريرة قال : قال رسول الله صلى الله عليه وسلم: إِنَّ الْعَبْدَ إِذَا أَخْطَأَ خَطِيئَةً نُكِتَتْ فِي قَلْبِهِ نُكْتَةٌ سَوْدَاءُ، فَإِذَا هُوَ نَزَعَ وَاسْتَغْفَرَ وَتَابَ، سُقِلَ قَلْبُهُ، وَإِنْ عَادَ زِيدَ فِيهَا حَتَّى تَعْلُوَ قَلْبَهُ، وَهُوَ الرَّانُ الَّذِي ذَكَرَ اللهُ: {كَلَّا بَلْ رَانَ عَلَى قُلُوبِهِمْ مَا كَانُوا يَكْسِبُونَ} (صحيح الترمذي)

പരലോകത്ത് എത്തുമ്പോൾ കറകളില്ലാത്ത മനസ്സ് നമുക്കുണ്ടെങ്കിൽ നാഥന്റെ അരികിൽ അത് മാത്രമാണ് ഉപകാരപ്പെടുക

يَوْمَ لَا يَنْفَعُ مَالٌ وَلَا بَنُونَ - إِلَّا مَنْ أَتَى اللهَ بِقَلْبٍ سَلِيمٍ (الشعراء ٨٨-٨٩)

**മലിനമായ ഹൃദയങ്ങളെ ശുദ്ധീകരിക്കണം.**

**വൃത്തിയും വെടിപ്പുമുള്ളവരാകണം.**

**ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഹൃദയത്തെ സ്ഥടം ചെയ്തവർ**

عَنْ عَبْدِ اللهِ بْنِ عَمْرٍو قَالَ : قِيلَ لِرَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : أَيُّ النَّاسِ أَفْضَلُ ؟ قَالَ : "كُلُّ مَخْمُومِ الْقَلْبِ، صَدُوقِ اللِّسَانِ". قَالُوا : صَدُوقُ اللِّسَانِ نَعْرِفُهُ، فَمَا مَخْمُومُ الْقَلْبِ ؟ هو التقيُّ النقيُّ، لا إِثمَ فِيه، ولا بَغْيَ، ولا غِلَّ، ولا حَسَدَ(ابن ماجه)

**ശരീരവും മനസും ശുദ്ധീകരിക്കുന്നവരെയാണ് അല്ലാഹുവിനിഷ്ടം.**

إِنَّ اللهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ (البقرة: ٢٢٢)

- മനസിനെ ശുദ്ധീകരിക്കാൻ തൗബയല്ലാതെ വേറെ മാർഗങ്ങളില്ല.
- മനുഷ്യ സഹജമായി പല തെറ്റുകളും സംഭവിച്ചു എന്ന് വരാം.
- തെറ്റുകൾ സംഭവിക്കുന്നവരിൽ നല്ലവർ തൗബ ചെയ്യുന്നവരാണ്.

كُلُّ بَنِي آدَمَ خَطَّاءٌ، وَخَيْرُ الْخَطَّائِينَ التَّوَّابُونَ".(ابن ماجه)

- **തൗബ ചെയ്തവൻ ആ പാപം ചെയ്യാത്തവനെ പോലെ**

"التَّائِبُ مِنَ الذَّنْبِ، كَمَنْ لَا ذَنْبَ لَهُ"

- **ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു:**

قال شيخ الإسلام ابن تيمية رحمه الله : من رأى أنه لا ينشرح صدره،ولا يحصل له حلاوة الإيمان ونور الهداية فليكثر التوبة والاستغفار

ഹൃദയ വിശാലതയും ഈമാന്റെ മാധുര്യവും സന്മാർഗത്തിന്റെ പ്രകാശവും അനുഭവപ്പെടാത്തവർ തൗബയും ഇസ്തിഗ്ഫാറും വർദ്ധിപ്പിച്ചു കൊള്ളട്ടെ (അൽ ഫതാവാ അൽ കുബ്റാ)

- **അല്ലാഹു തൗബ സ്വീകരിക്കുന്നവനും പാപം പൊറുക്കുന്നവനുമാണ്...**

غَافِرِ الذَّنْبِ وَقَابِلِ التَّوْبِ شَدِيدِ الْعِقَابِ ذِي الطَّوْلِ لَا إِلَٰهَ إِلَّا هُوَ إِلَيْهِ الْمَصِيرُ( غافر: ٣)

وَهُوَ الَّذِي يَقْبَلُ التَّوْبَةَ عَنْ عِبَادِهِ وَيَعْفُو عَنِ السَّيِّئَاتِ وَيَعْلَمُ مَا تَفْعَلُونَ( الشعراء: ٢٥)

- **നിരാശ വേണ്ട, ഏത് പാപവും പൊറുക്കാൻ തയ്യാറാണ് നമ്മുടെ റബ്ബ്:-**

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ (الزمر: ٥٣)

إِنَّمَا التَّوْبَةُ عَلَى اللَّهِ لِلَّذِينَ يَعْمَلُونَ السُّوءَ بِجَهَالَةٍ ثُمَّ يَتُوبُونَ مِنْ قَرِيبٍ فَأُولَٰئِكَ يَتُوبُ اللَّهُ عَلَيْهِمْ وَكَانَ اللَّهُ عَلِيمًا حَكِيمًا( النساء: ١٧)

**നിഷ്കളങ്കമായ തൗബ**

يَا أَيُّهَا الَّذِينَ آمَنُوا تُوبُوا إِلَى اللَّهِ تَوْبَةً نَصُوحًا عَسَىٰ رَبُّكُمْ أَنْ يُكَفِّرَ عَنْكُمْ سَيِّئَاتِكُمْ وَيُدْخِلَكُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ يَوْمَ لَا يُخْزِي اللَّهُ النَّبِيَّ وَالَّذِينَ آمَنُوا مَعَهُ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَانِهِمْ يَقُولُونَ رَبَّنَا أَتْمِمْ لَنَا نُورَنَا وَاغْفِرْ لَنَا إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ( التحريم: ٨)

**നിഷ്കളങ്കമായ തൗബയുടെ നിബന്ധനകൾ :-**

ചെറുതും വലുതും രഹസ്യവും പരസ്യവുമായ എല്ലാ കുറ്റങ്ങളിൽനിന്നും തൗബ ചെയ്യൽ നിർബന്ധമാണ്.

**1. ചെയ്ത തെറ്റിൽ നിന്ന് പൂർണമായും മുക്തനാവുക**

തെറ്റ് ചെയ്തുകൊണ്ടിരിക്കുമ്പോൾ പശ്ചാത്താപത്തിന് യാതൊരു പ്രസക്തിയുമില്ല.
അതു കൊണ്ടുതന്നെ ഒന്നാമതായി ചെയ്ത തെറ്റിൽ നിന്ന് പൂർണമായും മുക്തനാവുക. തെറ്റിൽ നിന്ന് ഒഴിവാകുന്നത് അല്ലാഹുവിന് വേണ്ടിയാവണം അഥവാ അവനെ ഭയന്നു കൊണ്ടാകണം.

قال الإمام ابن بـــاز رحمه الله تعالى : العلاج الحقيقي للذنوب يكون بالتوبة إلى الله و ترك المعاصي و الصدق في ذلك. [مجموع الفتاوى (١٧٥/٥)]

ഇബ്നു ബാസ് (റഹി) പറഞ്ഞു: പാപങ്ങൾക്കുള്ള യഥാർത്ഥ പ്രതിവിധി അല്ലാഹുവിലേക്കുള്ള തൗബ കൊണ്ടും, പാപം ഉപേക്ഷിച്ചു കൊണ്ടും , അതിൽ സത്യസന്ധത പുലർത്തിക്കൊണ്ടുമായിരിക്കും.

**2. ചെയ്ത തെറ്റിനെ ഓർത്ത് ആത്മാർത്ഥമായി ഖേദിക്കുക.**

- ചെയ്ത തെറ്റിനെ ഓർത്ത് ആത്മാർത്ഥമായി ഖേദിച്ചാൽ മാത്രമേ തൌബക്ക് പ്രസക്തിയുള്ളൂ.
- ജനങ്ങളുടെ സ്തുതി സമ്പാദിക്കാനോ ആക്ഷേപത്തിൽനിന്ന് രക്ഷപ്പെടാ നോ മറ്റോ ഉള്ള ഖേദപ്രകടനമല്ല ആവശ്യമായത്.
- അങ്ങനെയായാൽ തൗബയായി പരിഗണിക്കപ്പെടുകയില്ല. ഖേദം അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കുകയും വേണം.

**3. തെറ്റുകളിലേക്ക് ഇനി ഒരിക്കലും മടങ്ങുകയില്ലെന്ന് ഉറച്ച തീരുമാനിക്കുക**

- നാളെ അല്ലെങ്കിൽ ഇനി ഒരവസരം കിട്ടിയാൽ വീണ്ടും തെറ്റിലേക്ക് മടങ്ങുമെന്ന് വിചാരിക്കുന്നവന് തൌബയില്ല.
- അതുകൊണ്ട് തൌബ ചെയ്യുന്നവൻ ഇനി ഒരിക്കലും തനിക്ക് സംഭവിച്ച് പോയ തെറ്റിലേക്ക് മടങ്ങില്ലെന്ന് ദൃഢ നിശ്ചയം ചെയ്യണം.
- ഈ തീരുമാനവും അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കണം.

**ഈ നിബന്ധനകൾ പാലിച്ച്, ആത്മാർത്ഥമായി പശ്ചാതപിച്ചാൽ നാം ചെയ്ത് പോയ ഏത് പാപവും പൊറുത്തുതരാൻ അല്ലാഹു കാത്തിരിക്കുകയാണ്.**

نَبِّئۡ عِبَادِيٓ أَنِّيٓ أَنَا ٱلۡغَفُورُ ٱلرَّحِيمُ( الحجر: ٤٩)

عَنْ أَبِي مُوسَى ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " إِنَّ اللَّهَ عَزَّ وَجَلَّ يَبْسُطُ يَدَهُ بِاللَّيْلِ لِيَتُوبَ مُسِيءُ النَّهَارِ، وَيَبْسُطُ يَدَهُ بِالنَّهَارِ لِيَتُوبَ مُسِيءُ اللَّيْلِ، حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا."

**അതിനാൽ എപ്പോഴും തൗബ ചെയ്യുക.**

"يَا أَيُّهَا النَّاسُ، تُوبُوا إِلَى اللهِ فَإِنِّي أَتُوبُ فِي الْيَوْمِ إِلَيْهِ مِائَةَ مَرَّةٍ " (مسلم)

**ഇസ്തിഗ്ഫാറിനെ വർദ്ധിപ്പിക്കുക.**

ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത വാട്സാപ്പ് മെസേജ് അയക്കുക.
മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.